"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - പശ്ചിമതീര കനാൽ വികസനം- വർക്കല അരിവാളം മുതൽ തൊട്ടിൽപ്പാലം വരെ കനാൽ സൗന്ദര്യവത്ക്കരണവും കനാൽ തീരത്ത് നടപ്പാത നിർമ്മാണവും ലാന്റ് സ്കേപ്പിംഗും പദ്ധതി- പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് (പി.എം.ജി)- രൂപീകരിച്ച് ഉത്തരവാകുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2024/CSIND തീയതി,തിരുവനന്തപുരം, 05-07-2024

---

പരാമർശം:-

1. സ.ഉ(കൈ.)നം.2/2023/സി.എസ്.ഐ.എൻ.ഡി, തീയതി: 09.02.2023
2. മാനേജിംഗ് ഡയറക്ടർ, കിൽ സമർപ്പിച്ച 7/12/2023, 20/05/2024-തീയതികളിലെ KWIL/CSIND/PMG/2023-24 നമ്പർ കത്തുകൾ.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 08.01.2024 ലെ W6/1116/CE/IN/2023 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വർക്കല അരിവാളം മുതൽ തൊട്ടിൽപ്പാലം വരെ പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ) സൗന്ദര്യവത്ക്കരണവും, കനാൽ തീരത്ത് നടപ്പാതനിർമ്മാണവും ലാന്റ് സ്കേപ്പിംഗും - ഒന്നാംഘട്ടം എന്ന പ്രവൃത്തി കിഫ്ബി ധനസഹായം ലഭ്യമാക്കി വെസ്റ്റ് കോസ്റ്റ് കനാൽ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) മുഖേന നടപ്പാക്കുന്നതിന് പരാമർശം(1) ലെ ഉത്തരവ് പ്രകാരം തത്വത്തിലുള്ള അനുമതി നല്കിയിരുന്നു. കനാൽ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് എഞ്ചിനീയർമാരുടെ വൈദഗ്ധ്യവും അനുഭവ സമ്പത്തും കണക്കിലെടുത്ത് മേൽ പ്രവൃത്തിയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് (പി.എം.ജി) രൂപീകരിച്ച് ഉത്തരവാകണമെന്ന് മാനേജിംഗ് ഡയറക്ടർ, കിൽ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. മാനേജിംഗ് ഡയറക്ടർ, KWIL നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരണം ചില ഭേദഗതികളോടെ അംഗീകരിക്കാവുന്നതാണെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പദ്ധതി സ്ഥലത്തിന് സമീപം അനുബന്ധ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ ഈ ക്രമീകരണം ഉചിതമായിരിക്കുമെന്നും, പദ്ധതി പ്രവൃത്തികളുടെ ശരിയായ നിരീക്ഷണത്തിനും നിർവ്വഹണത്തിനും, പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതാണ് ഉചിതമെന്നും ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കല അരിവാളം മുതൽ തൊട്ടിൽപ്പാലം വരെ പശ്ചിമതീര കനാൽ(വെസ്റ്റ്കോസ്റ്റ് കനാൽ) സൗന്ദര്യവത്ക്കരണവും, കനാൽ തീരത്ത് നടപ്പാതനിർമ്മാണവും ലാന്റ് സ്കേപ്പിംഗും - ഒന്നാംഘട്ടം എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി പ്രോജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പ് (പി.എം.ജി) രൂപീകരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ, കൊല്ലം ഡിവിഷൻ | ചെയർമാൻ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇൻലാന്റ് നാവിഗേഷൻ, സബ് ഡിവിഷൻ, വർക്കല | അംഗം |
| അസിസ്റ്റന്റ് എൻജിനീയർ, ഇൻലാന്റ് നാവിഗേഷൻ, സബ് ഡിവിഷൻ, വർക്കല | അംഗം |
| ഓവർസിയർമാർ, ഇൻലാന്റ് നാവിഗേഷൻ സെക്ഷൻ, വർക്കല | അംഗം |

4. പ്രോജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ ചുമതലകൾ

പ്രോജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പ് (പി.എം.ജി)-ന് അവരുടെ നിലവിലുള്ള ചുമതലകൾക്ക് പുറമെ താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കും.

i. കിൽ തെരഞ്ഞെടുത്ത കോൺട്രാക്ടർ മുഖേനയുള്ള പ്രവൃത്തികൾ നിർവഹിക്കൽ.
ii. കിഫ്ബി (KIIFB) -യുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മേൽനോട്ടവും ഗുണനിലവാരവും നിർവ്വഹിക്കൽ.
iii. അളവുകൾ രേഖപ്പെടുത്തൽ, പരിശോധന, ബില്ലുകൾ തയ്യാറാക്കൽ, പാസാക്കിയ ബില്ലുകൾ സൂപ്പർ ചെക്കിംഗിന് വിധേയമാക്കൽ, ഫണ്ട് അനുവദിക്കാനായി സമയബന്ധിതമായി കിൽ -ന് സമർപ്പിക്കൽ മുതലായവ.

5. പ്രസ്തുത പ്രോജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ രൂപീകരണത്തിനും പ്രവർത്തനത്തിനും ആവശ്യമായ ഫണ്ട് പൂർണ്ണമായും സെന്റേജ് ഇനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
പ്രോജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പ് അംഗങ്ങൾക്ക് (ചീഫ് എഞ്ചിനീയർ മുഖേന)
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിൽ,കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്, എയർപോർട്ട് പി.ഒ. എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (INFRA7/8/2024- FIN, തീയതി 16/03/2024)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(എ2/197/2023/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 06-07-2024 14:31:08

സെക്ഷൻ ഓഫീസർ